# അന്യസംസ്ഥാന തൊഴിലാളികളും സാമൂഹ്യ സുരക്ഷയും

2011 ജനുവരി 6 ന് കെച്ചി നിവാസികൾ പ്രത്യേകിച്ച് കളമശ്ശേരിയിലുള്ളവർ ഉറക്കമുണർന്നത് ഞെട്ടലോടെയാണ്. കളമശ്ശേരിയിൽ അന്യസംസംസ്ഥാന തൊഴിലാളികൾ ഒരു യുവാവിനെ കഴുത്തറുത്ത് കൊന്നുവെന്ന വാർത്തയാണ് അന്ന് പത്രത്തിലൂടെ ജനം അറിഞ്ഞത്. കറിക്കരിയാൻ ഉപയോഗിക്കുന്ന കത്തികൊണ്ട് കഴുത്ത് അറുത്ത കഴുത്ത് പാതിയിലധികം വേർപെട്ട നിലയിലാണ് കൊല്ലപ്പെട്ട മലയാളിയായ യുവാവിന്റെ ശവശരീരം കണ്ടത്. ഒപ്പം അവിടെ താമസിച്ചിരുന്ന അന്യസംസ്ഥാന തൊഴിലാളികൾ രായ്ക്കുരാമാനം സ്ഥലംവിടുകയും ചെയ്തു.

കേരളത്തിൽ, പ്രത്യേകിച്ച് എറണാകുളം പോലുള്ള പ്രദേശങ്ങളിൽ മലയാളികളായ തൊഴിലാളികളെക്കാൾ കൂടുതൽ ഇന്ന് നിർമ്മാണമേഖലയിൽ ജോലി ചെയ്യുന്നത് ഒറീസ, ബീഹാർ, ബംഗാൾ മുതലായ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്. ചില പ്രദേശങ്ങളിൽ അന്യ സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ ഒരു വീട്ടിൽ അല്ലെങ്കിൽ മുറിയിൽ തിങ്ങിനിറഞ്ഞ് താമസിക്കുന്നു. തദ്ദേശീയരെക്കാൾ കൂടുതൽ ആളുകൾ അന്യസംസ്ഥാനതൊഴിലാളികളാണ് പല ജനവാസകേന്ദ്രങ്ങളിലും താമസിക്കുന്നത്. ഞായറാഴ്ചകളിലോ അവധി ദിവസങ്ങളിലോ എറണാകുളത്ത് മറൈൻ ഡ്രൈവ് പോലുള്ള സ്ഥലങ്ങളിൽ ഒന്നു കണ്ണോടിച്ചാൽ കൂട്ടത്തോടെ നീങ്ങുന്ന അന്യസംസ്ഥാന തൊഴിലാളികളെ കാണാം. അവധി ദിനങ്ങളിൽ നഗരത്തിലെ ഉൾ സ്ഥലങ്ങളിലെ നിരത്തുകളിലും പലപ്പോഴും ഇവർ കൈയ്യടക്കിവരുന്നു. ആരാണെന്നോ എവിടെ നിന്നു വരുന്നുവെന്നോ അറിയാത്തതിനാൽ പൊതുജനത്തിനും ചോദിക്കാനോ പ്രതികരിക്കാനോ ഭയമാണ്. എല്ലാ പോലീസ് സ്റ്റേഷനുകളിലും അതാത് അതിർത്തിക്കുള്ളിലെ അന്യസംസ്ഥാന തൊഴിലാളികളുടെ വിശദവിരങ്ങൾ അടങ്ങിയ കണക്കുണ്ടെന്നാണ് പറയുന്നത്; പക്ഷെ അത് എത്രത്തോളം കൃത്യമാണെന്ന് പോലീസുകാർക്കുതന്നെ അറിയില്ല. 1979 ലെ അന്യസംസ്ഥാന കുടിയേറ്റത്തൊഴിലാളികളുടെ (ജോലി നിയന്ത്രണവും സേവനവ്യവസ്ഥകളും) എന്ന നിയമത്തിലൂടെയാണ് ഇവരെ സംബന്ധിക്കുന്ന കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്.

## അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിക്കുന്ന നിയമം

വർഷത്തിൽ ഏതെങ്കിലും ഒരു ദിവസം മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള അഞ്ചോ അതിലധികമോ തൊഴിലാളികൾ ജോലി ചെയ്തിട്ടുണ്ടെങ്കിലോ ജോലി ചെയ്യുന്നുണ്ടെങ്കിലോ അവിടെയെല്ലാം ഈ നിയമം ബാധകമായിരിക്കും. കരാർ അടിസ്ഥാനത്തിൽ ജോലിക്ക് വയ്ക്കുന്ന തൊഴിലാളികളാണെങ്കിലും ഈ നിയമം ബാധകമാണ്. പൊതുവിൽ അന്യ സംസ്ഥാനതൊഴിലാളികളെ ചൂഷണം ചെയ്യുന്നതിനെതിരെയും അവരുടെ സേവനവ്യവസ്ഥകൾ സംബന്ധിക്കുന്ന കാര്യങ്ങളുമാണ് ഈ നിയമത്തിലുള്ളതെങ്കിലും അവരെ നിയമിക്കുന്ന സ്ഥാപനങ്ങളുടെ റജിസ്ട്രേഷൻ മാത്രമാണ് നിയന്ത്രപരമായ കാര്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളത്. ഈ നിയമത്തിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളോ തൊഴിൽ ദാതാക്കളോ പ്രത്യേകളായി സർക്കാർ തയ്യാറാക്കിയിട്ടുള്ള നിശ്ചിത പത്രികയിൽ നിശ്ചിത ഫീസ് അടച്ച് സ്ഥാപനം രജിസ്റ്റർ ചെയ്യണം. എന്നാൽ രജിസ്ട്രേഷന് അപേക്ഷിക്കാൻ വൈകിയാലും മതിയായ കാരണങ്ങൾ കാണിച്ചാൽ രജിസ്ട്രേഷൻ അനുവദിക്കുന്ന രീതിയാണ് നിയമം. രജിസ്ട്രേഷൻ നടത്താത്ത തൊഴിലുടമകളെ ശിക്ഷിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥകളുണ്ട് എന്നാൽ ഇപ്രകാരം തൊഴിലിനെത്തുന്നവരുടെ പൂർവ്വ ചരിത്രമോ ക്രിമിനൽ പശ്ചാത്തലമോ, അവരുടെ സ്വദേശത്തെ കൃത്യം വിലാസമോ പോലും ഇതു സംബന്ധിച്ച രജിസ്ട്രേഷൻ പത്രികയിൽ രേഖപ്പെടുത്തേണ്ടതില്ല.

**രജിസ്ട്രേഷൻ വിവരങ്ങൾ നൽകേണ്ടത് കരാറുകാരന്റെ കടമ**

കുടിയേറ്റ തൊഴിലാളിയുടെ സംസ്ഥാനവും അയാൾ ജോലി ചെയ്യുന്ന സംസ്ഥാനവും സൂചിപ്പിക്കുന്ന എല്ലാ വിവരങ്ങളും നിശ്ചിത പത്രികയിൽ തൊഴിലാളിയെ ജോലിക്കെടുത്ത് 15 ദിവസത്തിനുള്ളിൽ അധികാരികളെ അറിയിക്കണമെന്നുള്ളതും പ്രസ്തുത വിവരങ്ങളിൽ എന്തെങ്കിലും വ്യത്യാസം വരുമ്പോൾ ആ വിവരവും അറിയിക്കണം. ഇംഗ്ളീഷിലും ഹിന്ദിയിലും, കൂടാതെ കുടിയേറ്റ തൊഴിലാളിക്ക് ഈ രണ്ട് ഭാഷയും അറിയില്ലെങ്കിൽ അയാളുടെ ഭാഷയിലും വിവരങ്ങൾ ചേർത്ത് തൊഴിലാളിയുടെ ഫോട്ടോ പതിച്ച ഒരു പാസ് ബുക്ക് തൊഴിലാളിക്ക് നൽകണം. വിവരം നൽകിയില്ലെങ്കിൽ കരാറുകാരന് ശിക്ഷ ലഭിക്കും. പക്ഷെ നൽകുന്ന വിവരങ്ങൾ ശരിയാണോ എന്നോ ഏതുതരക്കാരാണെന്നോ എന്നൊന്നും അറിയാൻ യാതാരു വ്യവസ്ഥയുമില്ല.

**നിയന്ത്രണങ്ങൾ അനിവാര്യം**

നിയമപാലനവും ക്രമസമാധാന പരിപാലനവും ലോക്കൽ പോലീസിന്റെ ഉത്തരവാദിത്വമാണ്. പല ജനവാസസ്ഥലങ്ങളിലും അനിയന്ത്രിതമായി അന്യസംസ്ഥാന തൊഴിലാളികളുടെ സാന്നിധ്യം പ്രശ്നമായി മാറുന്നുണ്ട്. പ്രായത്തിന്റെ അപക്വതയും മദ്യപാനം മൂലമുണ്ടാകുന്ന സ്വഭാവ വൈകല്യങ്ങളും ഒരു പൊതു ശല്യമായി മാറുന്ന സംഭവങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്നു. സാധാരണയായുള്ള ക്രമസമാധാന പാലനത്തിൽകവിഞ്ഞ് അപരിചിതരെയും സംശയകരമായ സാഹചര്യത്തിലുള്ള പുതിയ താമസക്കാരെയും സംബന്ധിച്ചുള്ള അറിയിപ്പ് നൽകണമെന്ന പതിവ് പരിപാടിക്കപ്പുറത്ത് അന്യസംസ്ഥാന തൊഴിലാളികളുടെ മറ്റ് പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള നിയമം നിലവിലില്ലയെന്നതും പോലീസിനെ പരിമിതിക്കുള്ളിലാക്കുന്നു. ചില സ്ഥലങ്ങളിലെങ്കിലും റെസിഡന്റ് അസോസിയേഷനുകളുടെ നേതൃത്വത്തിൽ സംഘടിതമായി ഇത്തരം പ്രശ്നങ്ങൾ നേരിടുന്നുണ്ട്. അതൊന്നുമില്ലാത്ത സ്ഥലങ്ങളിൽ അയൽപ്പക്കത്താരാണെന്നുപോലും അറിയാത്ത സ്ഥലങ്ങളിലാണ് പ്രശ്നം കൂടുതലുണ്ടാകുന്നത്. കൂട്ടത്തോടെ താമസിക്കുന്ന അന്യസംസ്ഥാന തൊഴിലാളികളിൽ നല്ലൊരു ശതമാനവും ജീവിക്കാൻ വേണ്ടി മാത്രം ഇവിടെ വരുന്നവരും മര്യാദക്കാരുമാണ്. പക്ഷെ അവരിൽത്തന്നെയുള്ള ചുരുക്കം ചില ക്രിമിനിലുകളാണ് പ്രശ്നക്കാർ.

അന്യ സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ സമയം അവരുടെ എന്തെങ്കിലും തിരിച്ചറിയൽ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെടുന്നതുൾപ്പെടെ ചട്ടങ്ങളിലും ഭേദഗതികൾ അനിവാര്യമായിരിക്കുന്നു. 1990 ൽ ഒരു റിട്ട് ഹർജിയിൽ സുപ്രീം കോടതിയിൽ നിന്നുമുണ്ടായ നിർദ്ദേശപ്രകാരം, അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിക്കുന്ന വിവരങ്ങൾ അവരുടെ സ്വന്തം സംസ്ഥാനത്ത് സർക്കാർ സംവിധാനങ്ങളിലൂടെ അന്വേഷണം നടത്താൻ മറ്റ് സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥർക്ക് സൗകര്യം ചെയ്തുകൊടുക്കണമെന്ന് നിഷ്കർഷിക്കുന്നുവെങ്കിലും അവയൊന്നും പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിന് നിയമ ഭേദഗതികൾ വരുത്തിയിട്ടില്ല. 1991 ലെ ദേശീയ ഗ്രാമീണ തൊഴിൽ കമ്മീഷന്റെ ശുപാർശകൾ അനുസരിച്ചും അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം സംബന്ധിക്കുന്ന കാര്യങ്ങളല്ലാതെ ഇത്തരമൊരു സാഹചര്യം ചർച്ചചെയ്യപ്പെട്ടിട്ടില്ല; ഇപ്പോൾ നടക്കുന്ന പോലുള്ള സംഭവങ്ങൾ അക്കാലത്ത് ഉണ്ടായിരുന്നില്ല എന്നതും ഇവിടെ ചേർത്തു വായിക്കണം.